കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ആതിരപ്പള്ളി ഗ്രാമപഞ്ചായത്ത് - പ്രോജക്റ്റ് ഭേദഗതി ചെയ്ത് വികസന ഫണ്ട് വകയിരുത്താൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 837/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 27.03.2018

വായന :- 1. ശ്രീ. ബി.ഡി.ദേവസ്സി എം.എൽ.എയുടെ 26.02.2018-ലെ കത്തും ആതിരപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 04.12.2017-ലെ A3-4723/17-ാം നമ്പർ കത്തും

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018-ലെ തീരുമാനം നം. 4.99

## ഉത്തരവ്

ആതിരപ്പള്ളി പഞ്ചായത്തിന് 2015-16-ൽ സ്പെഷ്യൽ ഗ്രാന്റായി 15.00 ലക്ഷം രൂപ അനുവദിച്ചിരുന്നുവെന്നും ഈ തുക ഉപയോഗിച്ച് താഴെപ്പറയുന്ന രണ്ട് പ്രോജക്ടുകൾ എടുത്തിരുന്നുവെന്നും പ്രസ്തുത പ്രോജക്ടുകൾ 2016-17-ൽ ടെണ്ടർ ചെയ്ത് 2017-18-ൽ പൂർത്തിയായെന്നും ഈ വർഷം സ്പെഷ്യൽ ഗ്രാന്റ് ലഭ്യമല്ലെന്നും അതിനാൽ ബിൽ നൽകാൻ കഴിയുന്നില്ലെന്നും ഈ പ്രോജക്ട് ഭേദഗതി ചെയ്ത് വികസന ഫണ്ട് വകയിരുത്താൻ അനുമതി നൽകണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം ശ്രീ. ബി.ഡി.ദേവസ്സി എം.എൽ.എ ആവശ്യപ്പെടുകയുണ്ടായി.

1) പ്രോ.നം.153- വെറ്റിലപ്പാറ ലിഫ്റ്റ് ഇറിഗേഷൻ പമ്പ് സെറ്റ്, പൈപ്പ് ലൈൻ — അടങ്കൽ 4,82,252/- രൂപ

2) പ്രോ.നം.52 കൊർണാലിയ റോഡ് - അടങ്കൽ 5,00,000/- രൂപ

2) 05.03.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. പ്രസ്തുത യോഗത്തിന്റെ 4.99 നമ്പർ തീരുമാനപ്രകാരം ടി പ്രോജക്ട് ഭേദഗതി ചെയ്ത് വികസന ഫണ്ട് വകയിരുത്താൻ ആതിരപ്പള്ളി പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എൻ. വിശ്രുതൻ ആചാരി

ജോയിന്റ് സെക്രട്ടറി

ശ്രീ.ബി.ഡി.ദേവസ്സി എം.എൽ.എ.(ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
പ്രസിഡണ്ട്, ആതിരപ്പള്ളി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ/റൂറൽ) യുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ